compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2023 ഓഗസ്റ്റ് 08
**Tuesday, 08th August 2023**

**1198 കർക്കടകം 23**
**23rd Karkadakam 1198**

**1945 ശ്രാവണം 17**
**17th Sravana 1945**

വാല്യം 12
**Vol. XII**

നമ്പർ
**No.** **32**

## Part I

## General Administration Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണം—കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് എന്ന പേര് ''സീറോ മലബാർ സിറിയൻ കാത്തലിക്'' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ. ഉ. (കൈ) നമ്പർ 109/2023/പൊ.ഭ.വ. തിരുവനന്തപുരം, 2023 ജൂലൈ 8.

പരാമർശം:—(1) 29-2-2019-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

(2) സ.ഉ. (കൈ) നമ്പർ 114/2021/പൊ.ഭ.വ, തീയതി 3-6-2021.

(3) 14-6-2021-ൽ സീറോ മലബാർ ചർച്ച് മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് കർദ്ദിനാളാൾ ആലഞ്ചേരി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി., സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംവരണേതര പട്ടികയിലെ 163-ാം ക്രമനമ്പരായ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം ''സീറോ മലബാർ സിറിയൻ കാത്തലിക്'' എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(3) മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ. ജ്യോതിലാൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/